**ചരമോപചാരം**

എ.സി. ചാക്കോയുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗവും സ്വാതന്ത്ര്യസമര സേനാനിയുമായ എ.സി. ചാക്കോ 103-ാം വയസ്സിൽ 2015 ജൂൺ 8-ന് അന്തരിച്ചു. ഇടുക്കി ജില്ലയിലെ തൊടുപുഴ താഴത്തുവീട്ടിൽ കുര്യാക്കോസിന്റെയും ഏലിയുടെയും മകനായി 1913 ഏപ്രിൽ 22-ന് എ.സി. ചാക്കോ ജനിച്ചു. നിയമബിരുദം നേടി തൊടുപുഴ മുൻസിഫ് കോടതിയിൽ അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച എ.സി. ചാക്കോ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകനായി പൊതുപ്രവർത്തന രംഗത്ത് സജീവമായി. 1952-53, 1954-56 കാലയളവുകളിൽ തിരു-കൊച്ചി നിയമസഭയിൽ അദ്ദേഹം അംഗമായിരുന്നു. 1970-ൽ കരിമണ്ണൂർ നിയോജകമണ്ഡലത്തിൽ നിന്നും നാലാം കേരള നിയമസഭയിലേയ്ക്ക് കേരള കോൺഗ്രസ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട എ.സി. ചാക്കോ കേരള നിയമ സഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി, ലൈബ്രറി ഉപദേശക സമിതി എന്നിവയുടെ ചെയർമാൻ സ്ഥാനം വഹിച്ചിട്ടുണ്ട്. കേരള കോൺഗ്രസ് സ്ഥാപകാംഗം, ഇടുക്കി ഡി.സി.സി. പ്രസിഡന്റ്, എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ്, കേരള കോപ്പറേറ്റീവ് സെൻട്രൽ ലാന്റ്

മോർട്ട്ഗേജ് ബാങ്ക് ഡയറക്ടർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. എ.സി. ചാക്കോയുടെ നിര്യാണത്തോടെ കഴിവുറ്റ സംഘാടകനെയും മികച്ച പൊതുപ്രവർത്തകനെയുമാണ് നഷ്ടമായിട്ടുള്ളത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദര സൂചകമായി അൽപ്പനേരം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള അദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)